ടെലിഫോൺ നമ്പർ : 2512524
പോസ്റ്റ് ബോക്സ് : 5430
ഫാക്സ് : 0471-2305891
പിൻ കോഡ് : 695033
ഇ-മെയിൽ:secretary@niyamasabha.nic.in

# കേരള നിയമസഭാ സെക്രട്ടേറിയറ്റ്

നമ്പർ: **KLS/7871/2025-Museum1**

തിരുവനന്തപുരം
11-05-2026

**<u>പത്രക്കുറിപ്പ്</u>**

അന്താരാഷ്ട്ര മ്യൂസിയം ദിനം ആചരിക്കുന്നതിനോടനുബന്ധിച്ച് കേരള നിയമസഭാ മ്യൂസിയത്തിന്റെ ആഭിമുഖ്യത്തിൽ സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കായി സംസ്ഥാന തലത്തിൽ ഓൺലൈനായി ഉപന്യാസ രചനാ മത്സരം സംഘടിപ്പിക്കുന്നു. സ്കൂൾ തലത്തിൽ "വിദ്യാഭ്യാസ രംഗത്ത് മ്യൂസിയങ്ങളുടെ സ്വാധീനം" എന്ന വിഷയത്തിലും കോളേജ് തലത്തിൽ "വിഭജിത ലോകത്തെ ഒന്നിപ്പിക്കുന്ന മ്യൂസിയങ്ങൾ" എന്ന വിഷയത്തിലുമാണ് ഉപന്യാസ രചനാ മത്സരം സംഘടിപ്പിക്കുന്നത്. **A4** പേപ്പറിൽ ടൈപ്പ് ചെയ്ത് **1500** വാക്കിൽ കവിയാത്ത ഉപന്യാസം സ്കൂൾ/കോളേജ്, **Head Master/Principal** മാരുടെ ആമുഖ കത്തോടുകൂടി **museum@niyamasabha.nic.in** എന്ന ഇ-മെയിൽ വിലാസത്തിൽ **23.05.2026**-ന് മുമ്പായി മത്സരാർത്ഥികൾ ലഭ്യമാക്കേണ്ടതാണ്. ഉപന്യാസ രചനാ മത്സരത്തിൽ വിജയികളാകുന്ന ഒന്ന്, രണ്ട്, മൂന്ന് സ്ഥാനക്കാർക്ക് (ഇരു വിഭാഗത്തിലുമുള്ള) യഥാക്രമം **5000, 3000, 2000** രൂപ വീതം ക്യാഷ് പ്രൈസും സർട്ടിഫിക്കറ്റും നൽകുന്നതായിരിക്കും. നിബന്ധനകൾ ഉൾപ്പെടെ വിശദമായ വിവരങ്ങൾക്ക് **www.niyamasabha.org** എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

Shaji C Baby
**സെക്രട്ടറി**

<u>നിബന്ധനകൾ</u>

- ഉപന്യാസം പൂർണ്ണമായും മലയാളത്തിൽ ആയിരിക്കണം.
- ഉപന്യാസം A4 പേപ്പറിൽ ടൈപ്പ് ചെയ്തതും 1500 വാക്കിൽ കവിയാൻ പാടില്ലാത്തതുമാകുന്നു.
- Headmaster/Principal മാരുടെ ആമുഖ കത്തോടുകൂടിയുള്ള സൃഷ്ടികൾ മാത്രമേ പരിഗണിക്കുകയുള്ളൂ.
- museum@niyamasabha.nic.in എന്ന ഇ-മെയിൽ വിലാസത്തിൽ 23.05.2026 ന് മുൻപായി മത്സരാർത്ഥികൾ അപേക്ഷകൾ ലഭ്യമാക്കേണ്ടതാണ്.
- വൈകി ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.
- ഉപന്യാസം സ്വന്തം ആശയത്തിലുള്ളതും ഇതിനു മുമ്പ് പ്രസിദ്ധീകരിച്ചിട്ടില്ലാത്തതും ആയിരിക്കണം. ഉപന്യാസം മറ്റൊരിടത്തുനിന്ന് കോപ്പി ചെയ്തത് ആയിരിക്കരുത്.
- വിഷയത്തിൽ നിന്നും വ്യതിയാനം വരാൻ പാടുള്ളതല്ല.
- സ്കൂൾ തലത്തിൽ 8 മുതൽ 12 -ാം ക്ലാസുവരെയും കോളേജ് തലത്തിൽ ഡിഗ്രി, പി.ജി. വരെയുമുള്ള വിദ്യാർത്ഥികൾക്ക് മത്സരത്തിൽ പങ്കെടുക്കാം
- ഇതുമായി ബന്ധപ്പെട്ട് നിയമസഭാ സെക്രട്ടേറിയറ്റിന്റെ തീരുമാനം അന്തിമമായിരിക്കും.